## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 878 — 11.06.2014 ന് മറുപടിയ്ക്ക്

## അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. 3.2.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.20/2012/തൊഴിൽ പ്രകാരം കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു നോൺ പ്രോഫിറ്റ് കമ്പനി, 1956-ലെ കമ്പനീസ് ആക്റ്റിലെ സെക്ഷൻ-25 പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുകയും, കേരള ലക്ഷദ്വീപ് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ U80229KL2012NPLO30883 20.11.2012 നമ്പരായ സർട്ടിഫിക്കറ്റ് ഓഫ് ഇൻ കോർപ്പറേഷൻ മുഖേന ടി സ്ഥാപനം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത അക്കാഡമിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) ആധുനിക ലോകത്തിൽ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് ഈ നോൺപ്രോഫിറ്റ് കമ്പനിയുടെ പ്രധാന ലക്ഷ്യം. കൺസ്ട്രക്ഷൻ, നഴ്സിംഗ്, സെക്യൂരിറ്റി, ഓയിൽ ആന്റ് ഗ്യാസ്, ഹൈടെക് ഓട്ടോമേഷൻ, റീട്ടെയിൽ, ഓട്ടോമൊബൈൽ, ടൂറിസം. ഹോസ്പിറ്റാലിറ്റി, ഫൈനാൻസ് ആന്റ് ബാങ്കിംഗ് എന്നീ മേഖലകളിൽ വിവിധങ്ങളായ വൈദഗ്ധ്യവികസന ഉദ്യമങ്ങൾ നടപ്പാക്കുകയാണ് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രധാന ലക്ഷ്യം. |

| | |
|---|---|
| (സി) ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത സ്ഥാപനം വഴി നടപ്പിലാക്കിയത് ; | (സി) 2013 മെയ് മാസം മുതൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC) സ്ഥാപിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. |
| (ഡി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലയിലാണ് പദ്ധതികൾ നടപ്പിലാക്കിയത്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചു. മറ്റു തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ